ഉത്തരം

(എ &ബി) പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിന് കണ്ണൂർ, എറണാകുളം കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുന്ന നടപടികൾ തുടർന്നു വരികയാണ്.

കൊച്ചി, പരിയാരം മെഡിക്കൽ കോളേജുകളുടെ ആസ്തി-ബാധ്യത

171 (482) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ ആസ്തി, ബാധ്യത എന്നിവ വിശദമാക്കുമോ ;

(ബി) പരിയാരം മെഡിക്കൽ കോളേജിന്റെ ആസ്തി, ബാധ്യത എന്നിവ വ്യക്തമാക്കുമോ ;

(സി) കൊച്ചി, പരിയാരം മെഡിക്കൽ കോളേജുകൾ സർക്കാർ ഏറ്റെടുക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ &ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെയും പരിയാരം മെഡിക്കൽ കോളേജിന്റെയും ആസ്തി, ബാധ്യത നിർണ്ണയിക്കുന്ന നടപടി പൂർത്തിയായിട്ടില്ല.

(സി) പരിഗണനയിലുണ്ട്. ഇത് സംബന്ധിച്ച് ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിന് കണ്ണൂർ, എറണാകുളം കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന സഹകരണ ബാങ്കിലെ കരാർ നിയമനം

172 (483) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സഹകരണ ബാങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് ; അവർ ആരൊക്കെയാണ് ; ഒരു വർഷത്തിനുശേഷം എത്ര പേരുടെ കരാർ നീട്ടിക്കൊടുത്തിട്ടുണ്ട് ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന സഹകരണ ബാങ്കിൽ കരാർ അടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ഡോ.എസ്. രവീന്ദ്രൻ ഐ.എ.എസ്. (റിട്ട.)-നെ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്. ടിയാന്റെ നിയമനം ഒരു വർഷം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

ചീഫ്-ജനറൽ മാനേജർ തസ്തികയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും ചീഫ് ജനറൽ മാനേജരായി വിരമിച്ച ശ്രീ. എസ്. ബാലചന്ദ്രനെ നിയമിച്ചിട്ടുണ്ട്. ഒരു വർഷത്തിനുശേഷം ഇദ്ദേഹത്തിന്റെ കരാർ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ മുൻസർക്കാരിന്റെ കാലത്ത് കരാർ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തികയിൽ നിയമിച്ച ശ്രീ. വി. പ്രഭാകരൻ നായർ, സിസ്റ്റം അനലിസ്റ്റ് (ഐ.റ്റി. ഹാർഡ്‌വെയർ) തസ്തികയിൽ നിയമിച്ച ശ്രീ. എൻ. ജയപാലൻ തമ്പി, സിസ്റ്റം അനലിസ്റ്റ് (ഐ.റ്റി. സോഫ്റ്റ്‌വെയർ) തസ്തികയിൽ നിയമിച്ച ശ്രീ. കെ. രാജേഷ് എന്നിവരുടെ കരാർ കാലാവധി ഒരു വർഷത്തിനുശേഷം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

പുതുതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ

173 (484) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സഹകരണ രജിസ്ട്രാർ എത്ര പുതിയ സഹകരണ സംഘങ്ങൾ ഏതെല്ലാം മേഖലയിൽ എത്ര വീതം രജിസ്റ്റർ ചെയ്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) ഓരോ ജില്ലയിലും പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് ലഭിച്ച എത്ര അപേക്ഷകൾ ഇപ്പോൾ പരിഗണനയിലിരിക്കുന്നു ; വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സഹകരണ രജിസ്ട്രാർ ആകെ 873 പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. *

(ബി) ഓരോ ജില്ലയിലും പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് ലഭിച്ച അപേക്ഷകളിൽ ഇപ്പോൾ പരിഗണനയിലിരിക്കുന്നവയുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	82
കൊല്ലം	13
പത്തനംതിട്ട	7
ആലപ്പുഴ	15
കോട്ടയം	31
എറണാകുളം	18
ഇടുക്കി	12
തൃശ്ശൂർ	18

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly